(സി) ഉണ്ട്.

(ഡി&ഇ) കോളേജുകൾക്ക് സ്വയംഭരണപദവി അനുവദിക്കുന്നതിനെതിരെ ചില അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും പ്രതിഷേധം ഉയർത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംഭരണാവകാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേളേജുകളുടെ അക്കാദമിക് സ്വയംഭരണാവകാശം മാത്രമാണ്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ ആക്ടിൽ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാരസമിതിക്ക് അധികാരമുണ്ട്. അതിനാൽ ഇത്തരം ആശങ്കളുടെ അടിസ്ഥാനത്തിൽ സ്വയംഭരണപദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല.

വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി പരിഷ്കരണം

27 (*267) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി. എച്ച്. എസ്. ഇ. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിദഗ്ദ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പാഠ്യപദ്ധതിയിൽ പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ അഭിരുചി വികാസത്തിനുതകുന്ന തരത്തിൽ പാഠ്യപദ്ധതി നാല് മോഡ്യൂളുകളാക്കണമെന്നും ഓരോ മോഡ്യൂളുകളുടെ അവസാനത്തിലും പ്രായോഗിക പരീക്ഷയും നിലവിലുള്ളതു പോലെ വാർഷിക എഴുത്തുപരീക്ഷയും നടത്തണമെന്നുമാണ് വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ളത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ മാറുന്ന സാഹചര്യങ്ങൾക്കനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കുകയും നിലവിലുള്ള കോഴ്സുകളുടെ ഘടനയിൽ മാറ്റം വരുത്തി കോഴ്സുകളുടെ പേരുകൾ പരിഷ്കരിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

സമിതിയുടെ ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രായോഗിക പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് വി.എച്ച്.എസ്.ഇ-യ്ക്കുള്ളത്.

മൊബൈൽ ഫോണിലൂടെ റവന്യൂ സർട്ടിഫിക്കറ്റുകൾ

28 (*268) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ മൊബൈൽ ഫോണിലൂടെ അപേക്ഷിക്കുവാനും ലഭിക്കുവാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത സംവിധാനംവഴി ലഭിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സാങ്കേതികമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly